# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3154** **18.06.2019-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ. രാജൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) | സംസ്ഥാനത്തെ ജലസമൃദ്ധമായ പാറമടകൾ, റിസർവോയറുകൾ തുടങ്ങിയവയിലെ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ; | എ) 2019-20 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി പഴശ്ശി (648 ഹെക്ടർ), ബാണാസുര സാഗർ (1277ഹെക്ടർ), കാരാപ്പുഴ (1660 ഹെക്ടർ), മലമ്പുഴ (2313 ഹെക്ടർ), മംഗലം (393 ഹെക്ടർ), മീൻകര (259 ഹെക്ടർ), ചുള്ളിയാർ (159 ഹെക്ടർ), കാഞ്ഞിരപ്പുഴ (512 ഹെക്ടർ), മാട്ടുപ്പെട്ടി (324 ഹെക്ടർ), ഇടുക്കി (6160 ഹെക്ടർ), ഭൂതത്താൻകെട്ട് (608 ഹെക്ടർ), തെന്മല (2590 ഹെക്ടർ) എന്നിവിടങ്ങളിലായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 210 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പാറ മടകളിലും മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പദ്ധതികൾ രൂപീകരിച്ചു വരുന്നു. |
| ബി) | ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | ബി) സംസ്ഥാനത്ത് ജലകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനകീയമത്സ്യകൃഷി പദ്ധതി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നിലവിലുള്ള ജലസ്രോതസ്സുകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും ഗുണമേന്മയുള്ള |

വിത്തുകൾ, ലഭ്യമാക്കിയും ശാസ്ത്രീയ മത്സ്യകൃഷി രീതികൾ അവലംബിച്ചും, കൂടുതൽ പ്രദേശങ്ങളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിച്ചും മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാന വ്യാപനം, മത്സ്യകർഷക അവാർഡ്, മത്സ്യ രോഗ നിയന്ത്രണം മുതലായ പ്രവർത്തനങ്ങൾക്ക് 1205.86 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ 2019-20 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4850 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 6 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**